പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3080 — 19-06-2018-ലെ മറുപടിയ്ക്ക്

**അതിവർഷ ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** പട്ടാമ്പി മണ്ഡലത്തിൽ താമസിക്കുന്ന വള്ളി, പുളിക്കപ്പറമ്പിൽ കൊട്ടുമുണ്ട എന്ന എൺപത് വയസ്സ് കഴിഞ്ഞ കർഷകത്തൊഴിലാളിക്ക് അപേക്ഷ സമർപ്പിച്ച് 10 വർഷം കഴിഞ്ഞിട്ടും കർഷകത്തൊഴിലാളി അതിവർഷ ആനുകൂല്യം ലഭിച്ചില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | **(എ)** കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ വള്ളിയ്ക്ക് 31.12.2000-ൽ 60 വയസ്സ് പൂർത്തിയായി. എങ്കിലും 19.05.2012-ന് മാത്രമാണ് അതിവർഷ ആനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 60 വയസ്സ് പൂർത്തിയായി ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിന്റെ മുൻഗണനാ ക്രമത്തിനനുസരിച്ചാണ് ആനുകൂല്യം വിതരണം ചെയ്യുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം 31.03.2011 വരെ ലഭിച്ച അപേക്ഷകളിലാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഫണ്ട് ലഭ്യമാക്കി അടിയന്തിരമായി ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്. |
| **(ബി)** അപേക്ഷിച്ച് 10 വർഷം കഴിഞ്ഞിട്ടും കർഷകത്തൊഴിലാളി അതിവർഷ ആനുകൂല്യം ലഭിക്കാത്ത എത്ര അപേക്ഷകർ പട്ടാമ്പി മണ്ഡലത്തിലുണ്ടെന്ന് വ്യക്തമാക്കാമോ; | **(ബി)** 31.03.2011 വരെ പട്ടാമ്പി മണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ അർഹതയുള്ള എല്ലാ അപേക്ഷകളിലും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| **(സി)** ഇവർക്ക് എത്രയും വേഗം ഈ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | **(സി)** ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി ശേഷിക്കുന്ന എല്ലാ അപേക്ഷകളിലും ആനുകൂല്യം വിതരണം ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**